**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** **21-01-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ചികിത്സാ സഹായം ലഭിച്ചവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ എത്ര പേർക്ക് ചികിത്സാ സഹായം നൽകുവാൻ കഴിഞ്ഞുവെന്ന് ജില്ല അടിസ്ഥാനത്തിൽ തുകയുൾപ്പെടെ വിശദമാക്കുമോ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ആശുപത്രിയ്ക്കാണ് തുക വിതരണം ചെയ്യുന്നത് എന്നതിനാൽ വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശവും ഗുണഭോക്താ ക്കളുടെ എണ്ണവും ലഭ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,22,519 പേർക്ക് 1446.09 കോടി രൂപയുടെ ചികിത്സാനുമതി കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും ഉൾപ്പെട്ട എത്രപേർക്ക് ഈ സഹായം ലഭിച്ചുവെന്ന് ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പെടെ വിശദമാക്കാമോ; | (ബി) | പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ചുള്ള വിവര ങ്ങൾ ലഭ്യമല്ല. |
| (സി) | നിലവിൽ ഈ പദ്ധതി എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ആദ്യ വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷുറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി പ്രൈവററ് ലിമിറ്റഡിന് ആയിരുന്നു നടത്തിപ്പ് ചുമതല. പ്രസ്തുത സ്ഥാപനത്തെ നിയമാനുസൃതമായ ടെൻഡർ നടപടികളിലൂടെയാണ് തിരഞ്ഞെടുത്തത്. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേക്ക് മാറു കയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകു കയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതി നായി 33 തസ്തികകൾ സൃഷ്ടിച്ചു. സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഓഫീസും ജില്ലാ തലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചു വരുന്നു. ആരോഗ്യ ഇൻഷുറൻസ് പദ്ധതി പരിഷ്കരിച്ചു കൊണ്ട് രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. |

| | | | | |
|---|---|---|---|---|
| | | | | 41,49,149 കുടുംബങ്ങൾക്ക് ടി പദ്ധതിയിൽ അംഗത്വം നൽകിയിട്ടുണ്ട്. 186 സർക്കാർ ആശുപത്രികളിലും 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും, 370 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. 5 ലക്ഷം രൂപയാണ് ഒരു വർഷം ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും ചികിത്സ ഇനത്തിൽ നൽകുന്നത്. 41,49,149 കുടുംബങ്ങളിൽ 22,00,441 കുടുംബങ്ങൾ കേന്ദ്ര സർക്കാർ പങ്കാളിത്തമുള്ള ആയുഷ്മാൻ ഭാരത് പദ്ധതിയുടെ പരിധിയിലും 19,51,163 കുടുംബങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിധിയിലും ഉൾപ്പെടുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിധിയിൽ വരുന്ന 19,51,163 കുടുംബങ്ങളുടെ 100% ചികിത്സ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ പങ്കാളിത്ത മുള്ള ആയുഷ്മാൻ പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളുടെ ചികിത്സ ചിലവിന്റെ 40% ഉം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ടി പദ്ധതികളുടെ ചികിത്സ ഇനത്തിൽ 1,38,10,61,182/- രൂപ കേന്ദ്ര സർക്കാർ ചിലവഴിച്ചപ്പോൾ 2,23,07,27,236/- രൂപ സംസ്ഥാന സർക്കാരും വഹിക്കുകയുണ്ടായി. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികൾക്കാണ് ചികിത്സ ചിലവ് കൈമാറുന്നത്. ചികിത്സക്ക് രോഗി അഡ്മിറ്റ് ആകുന്നതു മുതൽ ഡിസ്ചാർജ്ജ് വരെയും ആയതിന്റെ ചിലവ് ആശുപത്രികൾക്ക് കൈമാറുന്നതും നാഷണൽ ഹെൽത്ത് അതോറിറ്റി ഓൺലൈനായി വികസിപ്പി ച്ചെടുത്ത ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റം (ടി.എം.എസ്) വഴിയാണ്. |

സെക്ഷൻ ഓഫീസർ